ടേബിൾടോക്ക്



ഫോട്ടോ: കെ. ശശി

മധുനായർ ന്യൂയോർക്ക്, ബർലിൻ കുഞ്ഞനന്തൻനായർ

# ബർലിൻമതിലും കടന്ന് മൊസാദിലേക്ക്

ബർലിൻ കുഞ്ഞനന്തൻനായർ/
മധുനായർ ന്യൂയോർക്ക്

തയ്യാറാക്കിയത്: വി.കെ സുരേഷ്



രാഷ്ട്രീയവും സാമൂഹികവും അല്ലാത്ത ഒരു ഉൽക്കണ്ഠയും വ്യക്തിപരമായ ഒരു ആകുലതയും എനിക്കുണ്ടായിട്ടില്ല. ഇപ്പോഴും അതങ്ങനെതന്നെ......

നീണ്ട കാലത്തെ പത്രപ്രവർത്തന ജീവിതം എനിക്ക് പകർന്നു നൽകിയ പ്രധാനപ്പെട്ട പാഠം എഴുത്തിന്റെ ആധികാരികതയെയും വിശ്വാസ്യതയെയും സംബന്ധിച്ചുള്ളതാണ്. ഞാനെഴുതിയതെല്ലാം തെളിവുകളുടെയും രേഖകളുടെയും പിൻബലത്തോടെ തന്നെയാണ്. പുതിയ കാലത്തെ പലരുടേതുമെന്ന പോലെ ചുവരുകളുടെ ചുറ്റളവിൽ തുടങ്ങുകയും ഒടുങ്ങുകയും ചെയ്യുന്ന ഗോപ്യമായ ഒരു രഹസ്യ ജീവിതമല്ല എന്റേത്. ഒരു ദീർഘ സമയമായിത്തീർന്ന പരസ്യ രാഷ്ട്രീയ ജീവിതമാണ്. സാക്ഷ്യപത്രങ്ങളുടെ അകമ്പടിയോടെ പുതിയ അധികാരക്കൊട്ടാരങ്ങളിലെ തമ്പുരാക്കളുടെ മുമ്പാകെ പ്രദർശിപ്പിച്ച് സാധൂകരിക്കേണ്ട ബാധ്യത എനിക്കില്ല"

ബർലിൻ കുഞ്ഞനന്തൻ നായർ തന്റെ ആത്മകഥയായ 'പൊളിച്ചെഴുത്തി'ന്റെ ആമുഖത്തിൽ ഇങ്ങനെ

# കെ ജി ബി, സി ഐ എ വഴി

**കൊടുംക്രൂരതയുടെ പര്യായമായാണ് ലോകം സി ഐ എ, കെ ജി ബി, മൊസാദ് തുടങ്ങിയ ചാരസംഘടനകളെ വിലയിരുത്തുന്നത്. അവരുടെ അകത്തളങ്ങളിൽ എന്തൊക്കെയാണ് സംഭവിച്ചതെന്ന് അറിയാവുന്ന പ്രവാസികളായിരുന്നു ബർലിൻ കുഞ്ഞനന്തൻനായരും മധുനായർ ന്യൂയോർക്കും. ഈ 'ടേബിൾ ടോക്കിൽ' അനുഭവങ്ങളുമായി കോർത്തിണക്കി ഞെട്ടിപ്പിക്കുന്ന വസ്തുതകളാണ് ഇരുവരും വെളിപ്പെടുത്തുന്നത്. ഒപ്പം പ്രവാസം, കുടിയേറ്റം, രാഷ്ട്രീയം തുടങ്ങിയവയും.**



മനോഹരമായ കശ്മീരാണ്. എന്നും സഞ്ചാരിയാകാനിഷ്ടപ്പെട്ട വ്യക്തിത്വമാണത്. അതിനെക്കുറിച്ച് മധുനായർ തന്നെ കുറിച്ചിട്ടത് ഇങ്ങനെ: "കശ്മീരിൽ പോയത് നാട്ടിലെങ്ങും അഡ്മിഷൻ കിട്ടാത്തതുകൊണ്ടല്ല. ലോകം കാണാനുള്ള മോഹംകൊണ്ടു മാത്രം. എന്നെപ്പോലെ ലോകം ചുറ്റാൻ ആഗ്രഹിക്കുന്ന മലയാളികൾ അനവധിയുണ്ടെന്നറിയാം." മധുനായരുടെ യാത്രാവിവരണക്കുറിപ്പുകൾ പോയകാലത്തും പുതിയ കാലത്തും മലയാളികൾക്ക് ഹൃദയത്തിൽ ചേർക്കാനാണിഷ്ടം. പ്ലേബോയിലെ ദീർഘ അഭിമുഖം വായിച്ച് പ്രിയപ്പെട്ട എഴുത്തുകാരൻ ഗബ്രിയേൽ ഗാർസിയ മാർക്കേസിനെ കാണാൻ പോയ മധുനായർ ന്യൂയോർക്ക് പത്രപ്രവർത്തന മേഖലയിലും കയ്യൊപ്പ് ചാർത്തി. മാതൃഭൂമിയിലും കലാകൗമുദിയിലും ദീപികയിലുമൊക്കെ ഒരു കാലത്ത് നിറഞ്ഞുനിന്ന സവിശേഷ വ്യക്തിത്വം.

ബർലിനെയും മധുനായരെയും ഒന്നിച്ചിരുത്താൻ തീരുമാനിച്ചതിന് പിന്നിൽ സൗഹൃദം മാത്രമല്ല കാര്യം. ഒരാൾ വടക്കാണെങ്കിൽ മറ്റേയാൾ തെക്ക്. ബർലിൻ കമ്യൂണിസ്റ്റ് രാഷ്ട്രീയത്തിന്റെ അകക്കാമ്പ് കണ്ടും തൊട്ടും ജീവിച്ചു. മധുനായർ മുതലാളിത്തത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും കളിത്തൊട്ടിലായ പെന്റഗൺ ആസ്ഥാനത്ത്. ഒരർത്ഥത്തിൽ രണ്ടുപേരും പ്രവാസികൾ, പത്രപ്രവർത്തകർ, സഞ്ചാരികൾ. ഒരാൾ ചാരസംഘടനയായ കെ.ജി.ബിയുമായി അടുത്ത ബന്ധം സ്ഥാപിച്ചയാൾ- മറ്റേയാൾ സി.ഐ.എയുടെ ആസ്ഥാന രഹസ്യങ്ങളുറങ്ങിയും ഉണർന്നും കിടന്ന പ്രതിരോധ വകുപ്പിലെ ആദ്യ ടെക്കികളിലൊരാൾ..... അതാണ് ഈ ടേബിൾ ടോക്കിന് രണ്ടുപേരെയും തെരഞ്ഞെടുക്കാൻ കാരണം. അനുഭവങ്ങളുടെ തീയും കാറ്റും ഇവിടെ ഒന്നുചേരുമ്പോൾ അന്തരീക്ഷത്തിൽ സംഭവിക്കുന്നതെന്തെന്ന് നമുക്ക് നോക്കാം കേൾക്കാം- ഇടപെടാം.

**ബർലിൻ: ഇംപീരിയലിസത്തിന്റെ കോട്ടയിൽ മധുവും സോഷ്യലിസത്തിന്റെ കോട്ടയിൽ ഞാനും! അയാൾ അമേരിക്കയിൽ. ഞാൻ ബർലിനിൽ. എന്നെ അവിടെ കൊണ്ടുപോയത് ബർലിൻ മതിലാണ്. മധുവിനെ അവിടെ കൊണ്ടുപോയത് ലാറ്റിനമേരിക്കൻ സാഹിത്യത്തിലെ ഗാർഷ്യ ഗബ്രിയേൽ മാർക്കേസും.**

•

**ബർലിൻ:** ഇംപീരിയലിസത്തിന്റെ കോട്ടയിൽ മധുവും സോഷ്യലിസത്തിന്റെ കോട്ടയിൽ ഞാനും! അയാൾ അമേരിക്കയിൽ. ഞാൻ ബർലിനിൽ. എന്നെ അവിടെ കൊണ്ടുപോയത് ബർലിൻ മതിലാണ്. മധുവിനെ അവിടെ കൊണ്ടുപോയത് ലാറ്റിനമേരിക്കൻ സാഹിത്യത്തിലെ ഗാർഷ്യ ഗബ്രിയേൽ മാർക്കേസും. അദ്ദേഹത്തെ കാണാൻ പോയ കാര്യം എവിടെയാ മധു പ്രസിദ്ധപ്പെടുത്തിയത്?

**മധുനായർ ന്യൂയോർക്ക്:** ഭാഷാപോഷിണിയിൽ. പുസ്തകമായിട്ട് വന്നിട്ടുണ്ട്. മാതൃഭൂമിയാണ് പ്രസിദ്ധീകരിച്ചത്. മാർക്കേസിനെ മലയാളത്തിൽ നിന്ന് ആദ്യമായി കാണാൻ പോയത് ഞാനാണ്. അന്നത്ര എളുപ്പമല്ല അവിടെയെത്താൻ. മോട്ടോർ ബൈക്ക് ടാക്സിയിലാണ് പോയത്.

**ബർലിൻ:** അതെ. അന്ന് ഞാനത് വായിച്ചിരുന്നു. അന്ന് എനിക്ക് കണ്ണുകാണുന്ന കാലമല്ലേ. കണ്ടമാനം വായിക്കുകയും കണ്ടമാനം എഴുതുകയും ചെയ്തതുകൊണ്ടാണ് എന്റെ കണ്ണിന്റെ കാഴ്ച പോയത്. പിണറായി വിജയനും വി.എസ് അച്യുതാനന്ദനും ഞാനും എ.കെ.ജി സെന്ററിൽ ഒരുപാട്

വർക്ക് ചെയ്തിരുന്നു.

മധുനായർ: എം.എസ് മണിക്കും കാഴ്ചയാണ് പ്രശ്നം.

ബർലിൻ: എം.എസ് മണിക്ക് കണ്ണ്, താണു പോകും. ലൂപ്പ്. ഇപ്പഴെവിടെയാ തിരുവനന്തപുരത്ത് തന്നെ അല്ലേ? കേരള കൗമുദി കൈവിട്ടു പോയില്ലേ?

മധുനായർ: കൈവിട്ടുപോയി. എന്നാലും എല്ലാ ദിവസവും രാവിലെ വന്നിരിക്കും അവിടെ.

ബർലിൻ: നിങ്ങൾ ഇടയ്ക്കിടെ കാണാറുണ്ടോ?

മധുനായർ: അതെ, ഞങ്ങൾ കാണാറുണ്ട്. ഇടയ്ക്ക് ഞാൻ ചെന്ന് വന്ദിക്കാറുണ്ട്.

ബർലിൻ: അമ്പലത്തിൽ പോകുമ്പോൾ ഞാൻ കാറിലിരിക്കും. അദ്ദേഹം പോയിവരുമ്പോൾ നിവേദ്യമായ മധുരപലഹാരം എനിക്ക് കൊണ്ടുവന്നു തരാറുണ്ട്. എയർപോർട്ടിനടുത്താണ്, അവർ പോകുന്ന ക്ഷേത്രം.

മധുനായർ: അതെ ശംഖുമുഖത്ത്. അതിന് അടുത്താണ് എന്റെ വീട്.

ബർലിൻ: അതെ, അതെ. എനിക്കറിയാം. അവിടെ മുമ്പ് പൊലീസുകാരുടെ ആസ്ഥാനമായിരുന്നല്ലോ.

മധുനായർ: ഓ....എല്ലാ കാര്യങ്ങളും നല്ലപോലെ ഓർമയുണ്ട് ല്ലേ? അതിനൊരു കുഴപ്പവും പറ്റിയിട്ടില്ല.


വി.കെ സുരേഷ്: നിങ്ങൾ രണ്ടുപേരും രണ്ട് സ്ഥലത്താണ്. ഒരാളിങ്ങ് വടക്കും മറ്റേയാൾ അങ്ങ് തെക്കും. രണ്ടുപേരും രണ്ട് രാജ്യങ്ങളിലെ പ്രവാസികളാണ്. താങ്കൾ സോഷ്യലിസ്റ്റ് രാജ്യത്തേക്ക് നിയോഗിക്കപ്പെട്ടയാൾ. മധുനായർ, കേരളത്തിലെ ആദ്യകാല ടെക്കികളിലൊരാൾ. അതും യു.എസിലെ പെന്റഗൺ ആസ്ഥാനത്ത് ജോലി ചെയ്തയാൾ. ഇങ്ങനെ സവിശേഷമായ രുചിഭേദങ്ങളുടെ രണ്ട് ഉടമകൾ. എന്നാൽ രണ്ടു പേരുടെയും ജീവിതത്തിന് സമാനതയുമുണ്ട്. പത്രപ്രവർത്തകരാണ്. താങ്കൾ ബ്ലിറ്റ്സിൽ, മധുനായർ മാതൃഭൂമി സ്ട്രിംഗർ. മാത്രമല്ല രണ്ട് രാഷ്ട്രങ്ങളിലെയും രാഷ്ട്രീയ സമ്പദ് വ്യവസ്ഥയുമായി ബന്ധം ഉണ്ടായിരുന്നവരും. ലോക നേതാക്കളെ അടുത്ത് കണ്ടവർ, അറിഞ്ഞവർ. നിങ്ങൾ രണ്ടുപേരും എങ്ങനെയാണ് ആദ്യമായി കണ്ടുമുട്ടുന്നത്. നിങ്ങൾ ഇരുവരും വ്യത്യസ്ത ധാരയിലാണെങ്കിലും രാഷ്ട്രീയത്തോടാഭിമുഖ്യമുള്ളവരും.

ബർലിൻ: ഞങ്ങൾ രണ്ടുപേരും ആദ്യമായി കാണുന്നത് 1981ൽ ബർലിനിൽ വിളിച്ചുകൂട്ടിയ ലോക മലയാള സമ്മേളന വേദിയിലാണ്. ആ സമ്മേളനത്തിൽ അമേരിക്കയിൽ നിന്ന് ഇദ്ദേഹമാണ് വന്നത്. എന്നെ സംഘാടകർ ക്ഷണിച്ചിരുന്നു. വരാമെന്ന് ഞാനും പറഞ്ഞു. മുഖ്യമന്ത്രി ഇ.കെ നായനാരെയും ക്ഷണിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടു. നിങ്ങൾ ടി.എം ജേക്കബിനെയൊക്കെ ക്ഷണിക്കുന്നുണ്ടല്ലോ. പിന്നെന്തുകൊണ്ട് നായനാരെ ആയിക്കൂടാ..... എന്നോടവർ ക്ഷണിക്കാം എന്ന് പറഞ്ഞെങ്കിലും നായനാരെ ക്ഷണിക്കാത്തത് ശരിയായില്ലെന്നും ഞാൻ പറഞ്ഞു. നായനാരോട് പറഞ്ഞിരുന്നു ഞാൻ, ക്ഷണം ലഭിച്ചാൽ വരണമെന്ന്. അദ്ദേഹമത് സമ്മതിക്കുകയും ചെയ്തതാണ്.

മധുനായർ അവിടെ വന്നിരുന്ന വിവരം എം.എസ് മണിയാണ് എന്നെ വിളിച്ച് അറിയിക്കുന്നത്. മധു തന്നെയാണ് കാർ ഓടിച്ച് കിഴക്കൻ ബർലിനിൽ ചുറ്റിയടിച്ച് വന്നത്. ഓർമയുണ്ടോ മധുവിനത്?

മധുനായർ: പിന്നെ ഓർമയുണ്ടോന്നോ. ചെക്ക് പോയന്റും കടന്ന് ഞാൻ വരുമ്പോഴന്ന് ചെറിയ മഴയുണ്ടായിരുന്നു. നല്ല ഒരു ഓവർകോട്ടുമിട്ട് കു

**ബർലിൻ: സി ഐ എക്കാരുമായി എനിക്ക് ബന്ധമില്ല. പക്ഷേ കെ ജി ബിക്കാർ ഇടയ്ക്കിടെ എന്നോട് കാര്യങ്ങൾ ചോദിക്കാറുണ്ടായിരുന്നു. ഞാനെഴുതിയ ലേഖനങ്ങളുടെ കോപ്പിക്കൊക്കെ. ചോദിക്കുമ്പോൾ ഞാനത് ഫോട്ടോകോപ്പി എടുത്തു കൊടുക്കാറുമുണ്ട്. അവരത് പല പ്രസിദ്ധീകരണങ്ങൾക്കും ഉപയോഗപ്പെടുത്തും. പിന്നെ അവർക്കെന്നെ വിശ്വാസമാണ്.**









ടയും ചൂടിയല്ലേ ഈ ലെജണ്ടറി സഖാവ് എന്നെ കാത്തുനിന്നത്.

**പി.എം ജയൻ:** ആ സമ്മേളനത്തിന് പോയ മധു നായർ എങ്ങനെയാണ് ബർലിന്റെ അടുത്തെത്തിയത്.

**മധുനായർ:** ഞാനവിടെ മൂന്ന് നാല് ദിവസമുണ്ട്. എന്റെ പ്രധാന അജണ്ട ബർലിൻ മതിൽക്രോസ് ചെയ്ത് ബർലിൻ കുഞ്ഞനന്തൻ നായരെ ഒന്ന് കാണണമെന്നതാണ്. അന്ന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ സർക്കുലേഷൻ ഉണ്ടായിരുന്ന വീക്കിലിയാണ് ബ്ലിറ്റ്സ്. ചെറുപ്പ കാലത്തേ അത് വായിക്കുമ്പോൾ മനസ്സിൽ തങ്ങിനിന്ന പേരാണ് ബർലിൻ കുഞ്ഞനന്തൻ നായരെന്നത്. അദ്ദേഹത്തെ കാണുന്നതിൽപ്പരം ആവേശവും ആനന്ദവും പിന്നെ എന്തുണ്ട്? മലയാളത്തിൽ കൗമുദി ബാലകൃഷ്ണന്റെ കൗമുദിയും ഇംഗ്ലീഷിൽ ബ്ലിറ്റ്സുമാണ് അന്ന് പോപ്പുലർ. ബ്ലിറ്റ്സിൽ ഇദ്ദേഹം സ്യൂട്ടൊക്കെയിട്ട പടം കാണുമ്പോൾ ഞങ്ങൾക്ക് അത്ഭുതമായിരുന്നു. പേര് തന്നെ വളരെ ഇന്ററസ്റ്റിങ്ങുമാണല്ലോ. ഏതോ ഒരു ദിവസം, ആ മതിൽ ക്രോസ് ചെയ്ത് ചെല്ലാൻ വിസയൊന്നും വേണ്ടയെന്നാണെന്റെ ഓർമ. ഒരു കമ്യൂണിസ്റ്റ് രാഷ്ട്രത്തിൽ ഇദ്ദേഹത്തിന്റെ അതിഥിയായി കഴിയുക; അതെന്റെ ആദ്യത്തെ അനുഭവമായിരുന്നു. അവിടെ ഒരൊറ്റ പരസ്യബോർഡ് പോലും കണ്ടില്ല. മറ്റുള്ളയിടങ്ങളിൽ പോയാൽ കൂറ്റൻ പരസ്യബോർഡുകൾ കാണാറുണ്ട്. പക്ഷേ ബർലിനിൽ അതില്ല. വളരെ ശാന്തം. ഹോട്ടൽ ഭക്ഷണത്തിനെല്ലാം ഏറെ വിലക്കുറവും. ഇദ്ദേഹത്തിന് റസ്റ്റോറന്റിൽ റിസർവ് ചെയ്ത് വെച്ചിരിക്കുന്ന പ്രത്യേകം ടേബിൾ ഒക്കെയുണ്ട്.

**ബർലിൻ:** അതെ ഇന്റർനാഷണൽ പ്രസന്റ്.


**മധുനായർ:** ങാ.... അദ്ദേഹത്തിന്റെ ഫ്ളാറ്റിൽ പോയി. താഴെ ഒരു പോസ്റ്റ്മാസ്റ്റർ ആണെന്ന് തോന്നുന്നു; താമസിച്ചത്? മുകളിൽ മന്ത്രിയും. അല്ലേ?

**ബർലിൻ:** അവിടുത്തെ കൾച്ചറൽ മിനിസ്റ്റർ താമസിച്ചിരുന്നത് എന്റെ ഫ്ളാറ്റിലായിരുന്നു. അദ്ദേഹത്തിന്റെ പേര് ഗ്രിഗറിയെന്നാണ്. ഇന്ത്യയിൽ വന്നിട്ടുണ്ട്. അവിടെ പ്രസിഡണ്ടും പാർട്ടി സെക്രട്ടറിയുമായിരുന്ന ഹോണേക്കറുടെ അടുത്ത സുഹൃത്തുമായിരുന്നു ഗ്രിഗറിയെന്ന ഗ്രിഗോർ. റോമിൽ പോപ്പ് കൊല ചെയ്യപ്പെട്ടപ്പോൾ ബ്ലിറ്റ്സിന്റെ എഡിറ്റർ കരഞ്ചെ എനിക്ക് ടെലിഗ്രാം ചെയ്തു; ഉടനെ പോയി അത് കവർ ചെയ്യണമെന്ന്. അപ്പോൾ വേണ്ട സൗകര്യങ്ങൾ ചെയ്തു തന്നത് ഗ്രിഗറിയാണ്. അവിടെ പോകാനും താമസിക്കാനും ഇന്റർവ്യൂ ചെയ്യാനുമെല്ലാം.

നായനാർ ബർലിനിൽ വന്നില്ല. എങ്കിലും മധു വന്നു- ഞങ്ങൾ കണ്ടു, 1981ൽ. പിന്നീട് ഞങ്ങൾ പരസ്പരം കണ്ടത് തിരുവനന്തപുരത്ത് വെച്ചാണ് 1989-90 കാലത്ത്.


**മധുനായർ:** അന്ന് എ.കെ.ജി സെന്ററിൽ ഇദ്ദേഹം വലിയ പദവിയിലിരിക്കുമ്പോൾ. ഇദ്ദേഹം ബർലിനിൽ നിന്നും തിരിച്ചുവരുമ്പോൾ പാർട്ടിയിൽ ഒരു പുതുയുഗപ്പിറവിയുടെ അന്തരീക്ഷം ഉണ്ടാകുമെന്ന പ്രതീക്ഷയോടെയായിരുന്നു. പക്ഷേ രാഷ്ട്രീയമല്ലേ.....

**ബർലിൻ:** ഇ.എം.എസ് മരിച്ചപ്പോൾ ഞാനിങ്ങ് കേരളത്തിലേക്ക് പോന്നു. നായനാരും ഞാനും 1938




മുതൽ ഒന്നിച്ച് ബാലസംഘം സംഘടിപ്പിക്കുന്നതിന് പ്രവർത്തിച്ചവരാണ്. ആന്റി ബ്രിട്ടീഷ്, ആന്റി ഇംപീരിയലിസ്റ്റിക് സ്റ്റോറികൾ ഞാൻ ഓവറായി ചെയ്യുന്നു എന്ന പരാതിയായിരുന്നു നായനാർക്ക്. അതദ്ദേഹം ഇടയ്ക്കിടെ പറയും. എന്നാലും വലിയ ഇഷ്ടമായിരുന്നു. എ.കെ.ജി സെന്ററിലെത്തിയാൽ ഉടനെ എന്നെ വിളിക്കും. കുറച്ചുകാലം അദ്ദേഹ

**മധുനായർ: ഞാനവിടെ പ്രതിരോധ വകുപ്പിൽ (പെന്റഗൺ ആസ്ഥാനത്ത്) പത്ത് പതിമൂന്ന് കൊല്ലം ഉണ്ടായിരുന്നല്ലോ. ടോപ് സീക്രട്ട് ക്ലിയറൻസ് എന്ന് പറഞ്ഞിട്ട് ഒരു പാസുണ്ട്. അതുള്ളവർക്ക് സ്വാതന്ത്ര്യമാണ്. അതുകൊണ്ട് എന്നെ ദത്തെടുത്ത രാജ്യത്തിന് എതിരായി ഞാനൊന്നും ചെയ്യില്ല എന്നവർക്ക് അറിയാം. അവിടത്തെ പൗരനേക്കാൾ ലോക്കലി ഫിയേഴ്സിലി ലോയലാണ് ഞാൻ. അതുകൊണ്ടാണ് നമുക്കൊക്കെ പിടിച്ചു നിൽക്കാനായത്. ബ്ലിറ്റ്സിൽ ഞാനുമൊരിക്കൽ ലേഖനമെഴുതിയിട്ടുണ്ട്.**



എം.എസ് മണി

ത്തിന്റെ സെക്രട്ടറിയുമായി പ്രവർത്തിച്ചു.

**വി.കെ സുരേഷ്:** നമുക്ക് ബർലിനിലേക്ക് തന്നെ ചർച്ചയെ തിരികെ കൊണ്ടുവരാം. അവിടെ താങ്കൾ എങ്ങനെയാണ് എത്തിയത്.

**ബർലിൻ:** 1950ലോ 1951ലോ ആണ്. ലോകത്തെ പ്രധാന കമ്യൂണിസ്റ്റ് നേതാക്കളുടെയും സോഷ്യലിസ്റ്റ് രാജ്യങ്ങളിലെയും പ്രധാന മുതലാളിത്ത രാജ്യങ്ങളിലെയും നേതാക്കൾ സോവിയറ്റ് യൂണിയനിലെ വലിയ റിസോർട്ടായ സോച്ചിയിൽ ഒത്തുകൂടി. അവിടെ വെച്ച് ജി.ഡി.ആറിന്റെ (ജർമൻ ജനാധിപത്യ റിപ്പബ്ലിക്) പ്രസിഡണ്ട് വാൾട്ടർ വുൾബ്രിറ്റ് അജയഘോഷിനോട് പറഞ്ഞു, ബർലിൻ മതിലിനെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിന് ഒരു പത്രപ്രവർത്തകനെ അയച്ചുതരണമെന്ന്.

അപ്പോൾ ഞാൻ അജയഘോഷിന്റെ സെക്രട്ടറിയായി അവിടെയുണ്ട്. അടുത്ത മുറിയിൽ. ഇക്കാര്യം അദ്ദേഹം പറഞ്ഞു. ഇങ്ങനെ ഒരു ഓഫറുണ്ട് പോകാൻ തയ്യാറാണോ എന്ന്. ഞാനപ്പോൾ പറഞ്ഞത്, ഇ.എം.എസ്സിനോടുകൂടി ചോദിച്ചു വേണം തീരുമാനമെടുക്കാൻ എന്നാണ്. ഇ.എം.എസ് അന്ന് കേരളത്തിലെ പാർട്ടി സെക്രട്ടറിയാണ്. അങ്ങനെ ഇ.എം.എസിന് ഒരു ഡിപ്ലോമാറ്റിക് മെസേജ് അയച്ചു. അധികം വൈകാതെ മറുപടി വന്നു. എന്താണോ ഇഷ്ടം അതുപോലെ ചെയ്യാൻ. അങ്ങനെയാണ് ഞാൻ ബർലിൻ മതിലിലെത്തുന്നത്. ആദ്യമായി ആവശ്യപ്പെട്ടത് മതിലൊന്ന് ചുറ്റിക്കാണണമെന്നാണ്. അത് പരിഗണിച്ച ജി.ഡി.ആർ ഗവൺമെന്റ് ഒരു മിലിട്ടറി എസ്കോർട്ടിനെ തന്നു. അയാളുടെ കൂടെ സ്പ്രീ നദിയിൽ കൂടി ആ പട്ടണത്തിനെ മുഴുവൻ ചുറ്റുന്ന മതില് നന്നായി കണ്ടു. മൂന്ന് നാല് മീറ്റർ ഉയരമുള്ള മതിൽ! ഫോട്ടോഗ്രാഫറെയും കൂട്ടി അതിന്റെ ഫോട്ടോയും എടുത്തു. അതെല്ലാം ചേർത്ത് ബ്ലിറ്റ്സിൽ അതിഗംഭീരമായ ഒരു സ്റ്റോറി വന്നു. ആ റിപ്പോർട്ട് വന്നപ്പോൾ അത്തരം സ്റ്റോറികൾ തുടരണമെന്ന് എന്നോട് പലരും ആവശ്യപ്പെട്ടു. അങ്ങനെയാണ് സിൻഡിക്കേറ്റഡ് കോളം ബ്ലിറ്റ്സിൽ തുടങ്ങിയത്. ഈജിപ്തിലെ പത്രമായ അൽഗമോറിയ, സിലോണീസ് പത്രം ഫോർവേഡ്, ബ്രിട്ടീഷ് ഗയാനയിലെ കമ്യൂണിസ്റ്റ് പ്രധാന മന്ത്രിയായിരുന്ന ചെദ്ദിജെഹാന്റെ പത്രമായ മിറർ തുടങ്ങിയവയിലെല്ലാം ബർലിൻ മതിലിനെക്കുറിച്ച് എഴുതിയ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. അങ്ങനെയാണ് മതിലുമായി ബന്ധപ്പെട്ട എന്റെ പത്രപ്രവർത്തന ജീവിതം ആരംഭിക്കുന്നത്.

**പി.എം ജയൻ:** ബർലിൻ മതിൽ പിന്നീട് മധുനായർ സന്ദർശിച്ചിരുന്നോ.

**മധുനായർ:** ഇല്ല ആകെ ഒരു തവണയേ മതിൽ

ഫിദൽ കാസ്ട്രോയും രാജീവ് ഗാന്ധിയും





ബർലിൻമതിൽ

സന്ദർശിച്ചിട്ടുള്ളൂ. അന്നാണിദ്ദേഹത്തെ കാണുന്നതും. അവിടെയന്ന് ചെക്ക് പോയന്റ് ചാർളി എന്ന ഒരു ഗേറ്റുണ്ട്.

ബർലിൻ: അതായത് അമേരിക്ക പശ്ചിമ ബർലിനെ മൂന്നാക്കി തിരിച്ചിരുന്നു. ബ്രിട്ടീഷ് സോൺ, ഫ്രഞ്ച് സോൺ, അമേരിക്കൻ സോൺ. അതിൽ അമേരിക്കൻ സോണിലാണ് ഈ ചെക്ക് പോയന്റ് ചാർളി എന്ന ചെക്ക്പോസ്റ്റ്. അതിലൂടെ അമേരിക്കക്കാർക്ക് വിസയില്ലാതെ വരാം. മറ്റു രാജ്യക്കാർക്ക് രണ്ടോ മൂന്നോ ദിവസം മാത്രമവർ അനുമതി നൽകും.

മധുനായർ: എന്നാൽ കിഴക്കൻ ജർമനിയിൽ നിന്ന് ഇപ്പുറത്ത് വരാനാവില്ല.

ബർലിൻ: കിഴക്കൻ ജർമനി കഴിഞ്ഞ് ജി.ഡി.ആറിലേക്ക് കടക്കണമെങ്കിൽ വിസ വേറെ വേണം. കാരണം നിങ്ങൾ അവിടെ നിന്ന് മുങ്ങിയാലോ? ഇങ്ങനെ പോകുന്നവർ യഥാർത്ഥത്തിൽ സി.ഐ.എയുടെയും കെ.ജി.ബിയുടെയുമൊക്കെ ഏജന്റുമാർ തന്നെയാണ്. ബർലിനും ബർലിന്റെ ചുറ്റുപാടും അവിടെ ഏജന്റുമാരെക്കൊണ്ട് നിറഞ്ഞിരിക്കുകയായിരുന്നു.

വി.കെ സുരേഷ്: അന്ന് ഈ ഏജന്റുമാരുമായി താങ്കൾക്ക് നല്ല ബന്ധം ഉണ്ടായിരുന്നോ?

ബർലിൻ: സി.ഐ.എക്കാരുമായി എനിക്ക് ബന്ധമില്ല. പക്ഷേ കെ.ജി.ബിക്കാർ ഇടയ്ക്കിടെ എന്നോട് കാര്യങ്ങൾ ചോദിക്കാറുണ്ടായിരുന്നു. ഞാനെഴുതിയ ലേഖനങ്ങളുടെ കോപ്പിക്കൊക്കെ ചോദിക്കുമ്പോൾ ഞാനത് ഫോട്ടോകോപ്പി എടുത്തു കൊടുക്കാറുമുണ്ട്. അവരത് പല പ്രസിദ്ധീകരണങ്ങൾക്കും ഉപയോഗപ്പെടുത്തും. പിന്നെ അവർക്കെന്നെ വിശ്വാസമാണ്. ഇയാൾ ഉറച്ച കമ്യൂണിസ്റ്റുകാരനാണ്. ചാഞ്ചാട്ടമില്ലാത്തയാളാണ്. കാശിന് വേണ്ടി കാലു മാറില്ല; അങ്ങനെയുള്ള കാര്യത്തിൽ അവർ ഉറച്ച വിശ്വാസക്കാരായിരുന്നു.

വി.കെ സുരേഷ്: താങ്കൾ കെ.ജി.ബിയുടെ ഏജന്റായിരുന്നോ? ബർലിൻ അവരുടെ വിശ്വസ്തനായതുകൊണ്ട് അവർക്ക് വേണ്ടി എന്തെങ്കിലും ചെയ്തിരുന്നോ?

മധുനായർ: അവരുടെ ആളായി പലരും അദ്ദേഹത്തെ പറയാറുണ്ട്.

ബർലിൻ: ഞാനവർക്ക് നമുക്ക് ദോഷകരമായ ഒരു ഇൻഫർമേഷനും കൊടുത്തിട്ടില്ല. ഇന്ത്യക്കോ ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ദോഷമായിട്ടുള്ളതോ ഇന്ത്യയിലെ ഇടതുപക്ഷ പത്രങ്ങൾക്ക് ദോഷമായതോ ആയ യാതൊരു വിവരവും ഞാനൊരാൾക്കും ചോർത്തിക്കൊടുത്തിട്ടില്ല.

വി.കെ സുരേഷ്: എന്നാലും മറ്റുള്ള കാര്യങ്ങളൊക്കെ കൊടുത്തു കാണും അല്ലേ?

ബർലിൻ: മറ്റുള്ളതെന്ത്? കാര്യമായ എന്റെ പ്രവർത്തനം ഇതൊക്കെ തന്നെയല്ലേ; എനിക്കവിടെ ബിസിനസ് ഒന്നുമില്ലല്ലോ.

മധുനായർ: ജോൺ പോൾ ഒന്നാമൻ മാർപ്പാപ്പയുടെ കൊലപാതകത്തെക്കുറിച്ച് ബർലിൻ ചെയ്ത റിപ്പോർട്ട് ശരിക്കും ഒരു 'മിഷൻ' തന്നെ

യായിരുന്നു.

ബർലിൻ: അത് എന്റെ ആത്മകഥയായ 'പൊളിച്ചെഴുത്തി'ൽ വിശദമായിത്തന്നെ എഴുതിയിട്ടുണ്ട്.

പി.എം ജയൻ: മധുനായർക്ക് പോപ്പിന്റെ മരണത്തെക്കുറിച്ച് എന്താണ് തോന്നിയത്?

മധുനായർ: ദുരൂഹതയുണ്ടതിൽ. സി.ഐ.എയുടെ മൊത്തം ഫണ്ടിങ്ങ് വത്തിക്കാനുമായി ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. വത്തിക്കാന് വലിയ ഓഡിറ്റിംഗ് ഒന്നുമില്ലല്ലോ. അമേരിക്കയ്ക്ക് വത്തിക്കാൻ വഴി പണം ചെലവഴിക്കുന്നതിന് വലിയ സ്റ്റാറ്റ്യൂട്ടാണ് പോപ്പ്.

ബർലിൻ: അതായത് ഇറ്റാലിയൻ ഗവൺമെന്റിനെ അട്ടിമറിക്കാൻ 2000 മില്യൺ ഡോളർ. ആൻഡ്രിയോട്ടി എന്ന പ്രധാനമന്ത്രിയുടെ ഗവൺമെന്റിനെ അനുകൂലിച്ച് ഈ പണം ചെലവാക്കിയിട്ടാണ് ഇറ്റലിയിൽ കമ്യൂണിസ്റ്റുകാരെ അകറ്റിനിർത്തിയത്. അങ്ങനെയാണ് പത്ത് കൊല്ലം, ഭരണത്തിൽ നിന്ന് അകറ്റാനും പിന്നീട് കമ്യൂണിസ്റ്റുകാരുടെ വോട്ടു കുറയ്ക്കാനും സി.ഐ.എയ്ക്ക് സാധിച്ചത്. സി.ഐ.എ ലോകത്തിലെ ഏറ്റവും നീചന്മാരായ ചാരസംഘടനയാണ്. കാണാനും കേൾക്കാനും കഴിയാത്തവരാണവർ.

മധുനായർ: സി.ഐ.എയ്ക്ക് അകത്തുതന്നെ സി.ഐ.എയുണ്ട്.

ബർലിൻ: സി.ഐ.എയുടെ സമ്മേളനം തുടങ്ങുമ്പോൾ ആൾക്കാരുടെ മുഖത്ത് മാസ്ക്കിട്ടാണ് പോവുക.

മധുനായർ: പക്ഷേ അവിടെ നാഷണൽ ഹൈവേയിൽ തന്നെ സി.ഐ.എയുടെ പടുകൂറ്റൻ ബോർഡ് വെച്ചിട്ടുണ്ട്. അമേരിക്കയിൽ സി.ഐ.എ ഓഫീസ് പരസ്യമായാണ് വെച്ചിരിക്കുന്നത്. അമേരിക്കയിലെ വ്യത്യാസമതാണ്.

ബർലിൻ: സി.ഐ.എയുടെ കെട്ടിടം അവിടെ പൊട്ടോമാക് നദിയുടെ തീരത്താണ്.

മധുനായർ: ഞാനവിടെ പ്രതിരോധ വകുപ്പിൽ (പെന്റഗൺ ആസ്ഥാനത്ത്) പത്ത് പതിമൂന്ന് കൊല്ലം ഉണ്ടായിരുന്നല്ലോ. ടോപ് സീക്രട്ട് ക്ലിയറൻസ് എന്ന് പറഞ്ഞിട്ട് ഒരു പാസുണ്ട്. അതുള്ളവർക്ക് സ്വാതന്ത്ര്യമാണ്. അതുകൊണ്ട് എന്നെ ദത്തെടുത്ത രാജ്യത്തിന് എതിരായി ഞാനൊന്നും ചെയ്യില്ല എന്നവർക്ക് അറിയാം. അവിടത്തെ ഒരു പൗരനേക്കാൾ ലോക്കലി ഫിയേഴ്സിലി ലോയലാണ് ഞാൻ. അതുകൊണ്ടാണ് നമുക്കൊക്കെ പിടിച്ചുനിൽക്കാനായത്.

**മധുനായർ: മലയാള മനോരമയുടെ ഒരു പഴയ സ്റ്റാഫിനെ എനിക്കറിയാം. അദ്ദേഹത്തിന്റെ ജോലി മലയാള പത്രങ്ങൾ നോക്കി അതിലെ കണ്ടന്റ് സി ഐ എക്ക് കൊടുക്കുകയെന്നതാണ്. സി ഐ എയുടെ മെയിൻ സോഴ്സ് ഓഫ് ഇൻഫർമേഷൻ പത്രങ്ങളാണ്. ലോകത്ത് എവിടെയെല്ലാം പത്രങ്ങളുണ്ടോ അവിടെയെല്ലാം സി ഐ എയുടെ കണ്ണുകളുണ്ട്. കാരണം അതിനേക്കാൾ വലിയ ഇൻഫർമേഷൻ ഒരു പ്രദേശത്തെക്കുറിച്ച് എവിടെ നിന്ന് കിട്ടാനാണ്.**

ബ്ലിറ്റ്സിൽ ഞാനുമൊരിക്കൽ ലേഖനമെഴുതിയിട്ടുണ്ട്. അമേരിക്കയുടെ ആയുധ നിർമാണത്തിലെ വർധനവിനെക്കുറിച്ച്. രണ്ടാഴ്ചയ്ക്കകം അമേരിക്കൻ അധികൃതർ എന്നോട് അതിന് വിശദീകരണം ചോദിച്ചു.

പി.എം ജയൻ: നിങ്ങൾ അവിടെ ചേർന്ന് ഏറെ കഴിഞ്ഞതിന് ശേഷമാണോ ആ സംഭവം?

മധുനായർ: ഞാൻ അവർക്കെതിരായിട്ടല്ല യഥാർത്ഥത്തിൽ അതെഴുതിയത്. ലോകത്തിലെ പാവപ്പെട്ട രാജ്യങ്ങളിലെല്ലാം കോടിക്കണക്കിന് രൂപയുടെ ആയുധങ്ങൾ വിറ്റഴിയുന്ന കളിയെക്കുറിച്ചാണ് ആ ലേഖനം. ഞാനന്ന് കോട്ട് ചെയ്തത് അന്നത്തെ സെനറ്റ് ഓതറൈസേഷൻ കമ്മിറ്റി ചെയർമാനെയാണ്. അദ്ദേഹം പിന്നീട് ജപ്പാനിലെ അമ്പാസിഡറൊക്കെയായിരുന്നു. അമേരിക്കയുടെ കരുത്ത് ആയുധത്തിലാവരുത് കൃഷിയിലായിരിക്കണമെന്നാണ് ആ ലേഖനത്തിന്റെ കാതൽ. വളരെക്കാലം അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ ബഡ്ജറ്റന്ന് ഡിഫൻസ് ഡിപ്പാർട്ട്മെന്റിന്റെ ബഡ്ജറ്റിനേക്കാൾ

ഇന്ദിരാഗാന്ധി



ഗൊർബച്ചേവ്



റൂസ്‌വെൽറ്റ്



ട്രൂമാൻ



ട്രംപ്



വലുതായിരുന്നു. അമേരിക്കയുടെ ശക്തി മുഴുവൻ കൃഷിയിലാണ്. ജിമ്മി കാർട്ടറുടെ കാലത്ത് സോവിയറ്റ് യൂനിയനുമായി ബന്ധം ഏറെ വഷളായിരുന്നു. മോസ്കോ ഒളിമ്പിക്സടക്കം അമേരിക്ക ബഹിഷ്കരിച്ചിരുന്നു. അത്ര മോശമായ സമയത്തുപോലും അമേരിക്ക സോവിയറ്റ് യൂണിയന് വിറ്റുകൊണ്ടിരുന്ന ഗോതമ്പ് കയറ്റുമതിയിൽ പ്രശ്നമുണ്ടായി. ധാന്യം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതിലും പ്രയാസം അത് വിറ്റഴിക്കുന്നതിനാണ്. പിന്നീട് ഞാൻ മനസ്സിലാക്കിയത് എല്ലാ എംബസികളിലും മദ്രാസ് കോൺസിലേറ്റിലടക്കം സകല കാര്യങ്ങളും അവർ (സി.ഐ.എ) സസൂക്ഷ്മ നിരീക്ഷണം നടത്തുന്നുണ്ട് എന്നതാണ്. മലയാള മനോരമയുടെ ഒരു പഴയ സ്റ്റാഫിനെ എനിക്കറിയാം. അദ്ദേഹത്തിന്റെ ജോലി മലയാള പത്രങ്ങൾ നോക്കി അതിലെ കണ്ടന്റ് സി.ഐ.എക്ക് കൊടുക്കുകയെന്നതാണ്. സി.ഐ.എയുടെ മെയിൻ സോഴ്സ് ഓഫ് ഇൻഫർമേഷൻ പത്രങ്ങളാണ്. ലോകത്ത് എവിടെയെല്ലാം പത്രങ്ങളുണ്ടോ അവിടെയെല്ലാം സി.ഐ.എയുടെ കണ്ണുകളുണ്ട്. കാരണം അതിനേക്കാൾ വലിയ ഇൻഫർമേഷൻ ഒരു പ്രദേശത്തെക്കുറിച്ച് എവിടെ നിന്ന് കിട്ടാനാണ്.


ഞാൻ പ്രതിരോധ വകുപ്പിൽ ജോലി ചെയ്യുമ്പോഴും ബ്ലിറ്റ്സ് എനിക്ക് മുടങ്ങാതെ കിട്ടിക്കൊണ്ടിരുന്നു. അതിനൊന്നും ബുദ്ധിമുട്ടുണ്ടായിരുന്നില്ല. ഫോർത്ത് എസ്റ്റേറ്റിന് അമേരിക്കയിൽ വലിയ പവറാണ്. അന്നും ഇന്നും. ഇപ്പോൾ തന്നെ നോക്കൂ. ഞാനന്ന് കമ്യൂണിസ്റ്റുകാരനൊന്നുമല്ലെങ്കിലും ഞങ്ങൾക്ക് ഇടതുപക്ഷത്തോട് താൽപര്യമുണ്ടായിരുന്നു.

**ബർലിൻ:** ഒരു ഇടതുമനോഭാവം അല്ലേ.


**മധുനായർ:** അതുതന്നെ. അന്നത്തെ തലമുറ മുഴുവൻ അങ്ങനെയായിരുന്നു. വിയറ്റ്നാം യുദ്ധം ഉദാഹരണമാണ്. ഞാൻ അമേരിക്കയിൽ ചെല്ലുമ്പോൾ എന്നേക്കാളധികം തീവ്രമായി വിയറ്റ്നാം യുദ്ധത്തെ എതിർത്തവർ അമേരിക്കയിലുണ്ട്.

കഴിഞ്ഞ തവണ ഞാൻ ബർലിനെ കണ്ടപ്പോൾ കമ്യൂണിസ്റ്റുകാരെ ഓർത്ത് വിഷമത്തോടെ പറഞ്ഞ കാര്യങ്ങൾ എന്റെ ഓർമയിലുണ്ട്. "ഈസ്റ്റ് ബർലിനിൽ ആ ട്രെപ്റ്റോപാർക്ക് മെയിൻ സ്ക്വയറിൽ ഇപ്പോഴെന്താ നടക്കുന്നതെന്ന് നിങ്ങൾക്കറിയോ? വ്യഭിചാരമാണ്." എന്നാണ് സഖാവ് എന്നോട് പറഞ്ഞത്. അവിടുത്തെ മനോഹരമായ

സ്റ്റാലിൻ



മൊളോട്ടോവ്



പാർക്കിൽ ഇപ്പോൾ വ്യഭിചാരമാണ് നടന്നുകൊണ്ടിരിക്കുന്നത്. ബർലിൻ മതിൽ തകർന്നതിന്റെ ഫലം ഇതൊക്കെത്തന്നെയാണ്. ഈയിടെ ഞാൻ റഷ്യയിൽ പോയിരുന്നു.  കമ്യൂണിസ്റ്റ് വ്യവസ്ഥയിൽ നല്ല കാര്യങ്ങൾ ഒരുപാട് ഉണ്ടായിരുന്നു. കുട്ടികളുടെ കാര്യത്തിലും സ്ത്രീകളുടെ സുരക്ഷയിലും സ്വാതന്ത്ര്യത്തിലും പ്രത്യേകിച്ചും. അതേപോലെ തൊഴിൽ ലഭ്യതയിലും യാതൊരു പ്രശ്നവുമുണ്ടായിരുന്നില്ല.

ഫ്രാങ്ക്ഫർട്ടിൽ നിന്നും അന്നെനിക്ക് വെസ്റ്റ് ബർലിനിൽ എത്തണമെങ്കിൽ ഈസ്റ്റ് ജർമനിയിൽ കൂടി ഒരു കോറിഡോറുണ്ട്. അതിലൂടെ യാത്ര ചെയ്താലേ എത്തൂ. അപ്പുറത്തോ ഇപ്പുറത്തോ തിരിഞ്ഞുപോകാൻ ആവില്ല. കാരണം അത് കമ്യൂണിസ്റ്റ് രാജ്യമാണ്. അവിടത്തേക്ക് പോകാൻ വിസയില്ല. അന്ന് തിരിച്ചുവരുമ്പോഴെന്റെ കൂടെ മാതൃഭൂമിയിലെ വിജയനുമുണ്ടായിരുന്നു. രാത്രി ഇരുട്ടത്ത്. ഞങ്ങൾക്ക് വഴിതെറ്റി. വിജയൻ  ആകെക്കൂടി അന്തം വിട്ടു; പേടിച്ചു. പിടിച്ചു കഴിഞ്ഞാൽ എന്താകും അവസ്ഥ? ഞാൻ ചിരിച്ചോണ്ട് പറഞ്ഞു, നമുക്ക് കമ്യൂണിസ്റ്റ് കൊഴക്കട്ട കിട്ടും ജയിലിൽ. അത് തിന്ന് ജീവിക്കാമെന്ന്.

**ബർലിൻ:** ഇപ്പോഴത്തെ റഷ്യൻ പ്രസിഡണ്ട് പുടിൻ അന്ന് ഡ്രെയ്ഡ്സനിലെ കൗൺസിൽ ജനറലായിരുന്നു. പുടിൻ അന്ന് സി.ഐ.എയുടെ ചാരനായിരുന്നു. അതെനിക്കന്ന് അറിയില്ലായിരുന്നു. പുടിൻ ഇടയ്ക്കിടെ ബർലിനിൽ വരുമ്പോഴെല്ലാം എന്റെ വീട് സന്ദർശിച്ചിരുന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് പല കാര്യങ്ങളും ചോദിക്കും. അബ്രാസിമോവിനോട് സമ്മതം വാങ്ങി പിറ്റേ ദിവസവും അയാൾ വരും. ഇന്നിന്ന കാര്യങ്ങൾ സംസാരിക്കാമെന്ന് അബ്രാസിമോവ് ക്ലിയർ ചെയ്തെങ്കിലേ അദ്ദേഹത്തിന് എന്നോട് സംസാരിക്കാൻ കഴിയുമായിരുന്നുള്ളൂ.

അന്നത്തെ വെസ്റ്റേൺ ബെൽറ്റിലെ രാഷ്ട്രീയ സാമൂഹിക കാര്യങ്ങളെക്കുറിച്ച് അറിയണമെങ്കിൽ ബർലിന്റെ കുറിപ്പുകൾ മാത്രമേ ഒരു സോഴ്സായി ഉണ്ടായിരുന്നുള്ളൂ. വേറെ ഒന്നുമില്ല. എന്നാൽ അമേരിക്കയിലാണെങ്കിൽ 'ഹിന്ദു'വിന്റെ ഈശ്വർ സാഗറുണ്ട്. ഇന്ത്യൻ എക്സ്പ്രസിന്റെ  ടി.വി പരശുറാമുണ്ട്.

**പി.എം ജയൻ:** നിങ്ങൾ രണ്ടുപേരും കണ്ടുമുട്ടിയതിനു ശേഷമാണോ പോപ്പിന്റെ കൊലപാതകം

നടന്നത്?

**മധുനായർ:** ഒരു ജർമൻ പോപ്പ് വന്നു. അയാൾ വളരെ ഹ്രസ്വകാലം മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ മൊത്തം കാര്യങ്ങൾ ഏറെ ദുരൂഹമായിരുന്നു.

**ബർലിൻ:** അയാൾ ഉറങ്ങാൻ കിടന്നതാണ്. പിന്നെ എഴുന്നേറ്റില്ല. രാവിലെ ചായയുമായി കന്യാസ്ത്രീയായ പരിചാരിക അവിടെ എത്തുമ്പോഴേക്കും അബോധാവസ്ഥയിലായിരുന്നു അയാൾ. അപ്പോഴേക്കും അവർ കാര്യങ്ങളെല്ലാം ഒതുക്കിത്തീർത്തു. അവിടേക്ക് ആർക്കും പ്രവേശനം അനുവദിച്ചില്ല.

**മധുനായർ:** പോപ്പിന്റെ തിരോധാനത്തിന്റെ മറുവശം അറിയാൻ ഒരു വഴിയുമുണ്ടായിരുന്നില്ല. എല്ലാം നിഗൂഢമായിരുന്നു. എന്നാൽ ബർലിന്റെ അന്വേഷണാത്മക റിപ്പോർട്ടായിരുന്നു സത്യം എന്താണെന്നറിയാനുള്ള ഒറ്റവഴി.

**ബർലിൻ:** പോപ്പിന്റെ ദുരൂഹ മരണത്തെക്കുറിച്ച് അന്നത്തെ മലയാള പത്രങ്ങൾ എന്റെ സ്കൂപ്പാണ് കൊടുത്തത്. മനോരമ രണ്ട് സ്റ്റോറിയും കൊടുത്തു. മാതൃഭൂമി, കേരള കൗമുദി, കലാകൗമുദി മുതലായവയെല്ലാം നന്നായിത്തന്നെ കൊടുത്തു.

**വി.കെ സുരേഷ്:** താങ്കളുടെ സോഴ്സ് ഇക്കാര്യത്തിൽ എന്തായിരുന്നു?

**ബർലിൻ:** അന്ന് ഹർകിഷൻസിംഗ് സുർജിത്ത് എന്നെ കാണാൻ ഇടയ്ക്കിടെ ബർലിനിൽ വരാറുണ്ട്. അദ്ദേഹത്തിന് ലണ്ടനിൽ വിപുലമായ ബന്ധമുണ്ടായിരുന്നു. പിൽക്കാലത്ത് ഖാലിസ്ഥാൻ വാദമുന്നയിച്ച് പ്രവർത്തിച്ച സംഘടനയിലുള്ളവരെയൊക്കെ അവിടെ അദ്ദേഹത്തിനറിയാമായിരുന്നു. ഖാലിസ്ഥാൻ ഡോളറൊക്കെ ഉണ്ടായിരുന്നു അവർക്ക്. ഖാലിസ്ഥാൻ ഡോളറിന്റെ കോപ്പി ആദ്യം പ്രസിദ്ധപ്പെടുത്തിയത് ബ്ലിറ്റ്സാണ്. സുർജിത്താണ് എനിക്ക് അത് കൊണ്ടുവന്നുതന്നത്. സുർജിത് എന്റെ അടുത്ത് വരുമ്പോഴൊക്കെ ഒരു ട്രിപ്പ് സോവിയറ്റ് യൂനിയനിലെ മോസ്കോയിൽ പോകും. അവിടെ നേതാക്കളെയൊക്കെ കാണും. അവിടെ നിന്ന് പ്രാഗിലും ബുഡാപെസ്റ്റിലും ബുക്കാറസ്റ്റിലും കിഴക്കൻ യൂറോപ്യൻ നാടുകളിലുമെല്ലാം ചുറ്റിയടിച്ചാണ് തിരിച്ച് അദ്ദേഹം ഡൽഹിയിൽ എത്താറ്. അതിനുശേഷം പി.ബി ചേർന്ന് ഇ.എം.എസ്, ജ്യോതിബസു എന്നിവർക്കെല്ലാം ചുറ്റി



ഫോട്ടോഗ്രാഫർ:
കെ.ശശി

മധുനായർ ന്യൂയോർക്ക് ബർലിൻ കുഞ്ഞനന്തൻനായരുടെ വീട്ടിൽ



ഫോട്ടോ: കെ. ശശി